20
FMIS
28/11/18
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.28.11.2018.

### നാട്ടാനകളുടെ സെൻസസ് ഇന്ന് (നവംബർ 29)

സംസ്ഥാനത്തെ നാട്ടാനകളെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുന്നതിനായി വനം വകുപ്പ് ഇന്ന് (നവംബർ 29) സെൻസസ് നടത്തും. സുപ്രീം കോടതിയുടെ നവംബർ ഒന്നിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. ഓരോ ജില്ലയിലുമുള്ള നാട്ടാനകളുടെ എണ്ണത്തിനനുസരിച്ച് ആനുപാതികമായ സംഘങ്ങളെ രൂപീകരിച്ച് നടത്തുന്ന സെൻസസ് ഒറ്റ ദിവസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വനം വകുപ്പുദ്യോഗസ്ഥർ, വെറ്ററിനറി ഓഫീസർമാർ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്തോടെ നടത്തുന്ന സെൻസസ് രാവിലെ 8 മണിക്ക് ആരംഭിക്കും. വനം വകുപ്പിന്റെ സാമൂഹിക വനവത്ക്കരണ വിഭാഗം അസ്സി. ഫോറസ്റ്റ് കൺസർവേറ്റർമാരെ സെൻസസ് ഓഫീസർമാരായും ബയോഡൈവേഴ്സിറ്റി സെല്ലിലെ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സംസ്ഥാനതല കോർഡിനേറ്റിംഗ് ഓഫീസറായും നിയമിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലേയും ആനകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും, വിദ്യാർത്ഥികൾക്കും ജില്ലാതല സെൻസസ് ഓഫീസർമാരെ അറിയിക്കാവുന്നതാണ്. ആനകളെ സംബന്ധിച്ച പൂർണ്ണവും, വ്യക്തവുമായ വിവരങ്ങൾ സുപ്രിം കോടതിയിൽ സമർപ്പിക്കേണ്ടതിനാൽ എല്ലാ ആന ഉടമകളും സെൻസസ് ടീമുമായി സഹകരിക്കണമെന്നും ഇതു സംബന്ധിച്ച എല്ലാ രേഖകളും, രജിസ്റ്ററുകളും പരിശോധന സമയത്ത് ഹാജരാക്കണമെന്നും ചീഫ് വൈൽഡ്ലൈഫ് വാർഡൻ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-51